**കേരള സർക്കാർ**
**പൊതുഭരണ (ന്യൂനപക്ഷ സെൽ) വകുപ്പ്**

നമ്പർ:38184/എം.സി1/09/പൊഭവ തിരുവനന്തപുരം,
തീയതി:24.10.2009.

## സർക്കുലർ

വിഷയം:— ന്യൂനപക്ഷ ക്ഷേമം- ജസ്റ്റിസ് സച്ചാർ കമ്മീഷൻ റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച് പാലോളി മുഹമ്മദ് കുട്ടി കമ്മിററി സമർപ്പിച്ച റിപ്പോർട്ട് - മത സൗഹാർദ്ദ കൂട്ടായ്മ സംഘടിപ്പിക്കുന്നത് — സംബന്ധിച്ച്.

സൂചന:- സർക്കാർ ഉത്തരവ് (എം.എസ്) നം.148/08/പൊഭവ. തീയതി 6.5.2008.

ജസ്റ്റിസ് സച്ചാർ കമ്മീഷൻ റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച് ബഹു: തദ്ദേശ സ്വയം ഭരണ മന്ത്രി ശ്രീ. പാലോളി മുഹമ്മദ് കുട്ടി ചെയർമാനായ കമ്മിററി സമർപ്പിച്ച റിപ്പോർട്ട് മുകളിൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ഒരു ശുപാർശ ചുവടെ ചേർക്കുന്നു.

“മതസൗഹാർദ്ദവും സാമൂഹ്യ ഐക്യവും മെച്ചപ്പെട്ട നിലയിൽ നിലനിന്നു പോരുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇതിനു നിരക്കാത്ത അനുഭവങ്ങൾ ഇന്ത്യ യുടെ ഇതര ഭാഗങ്ങളിൽ ഉയർന്നു വരുമ്പോഴെല്ലാം നിശ്ചയ ദാർഢ്യത്തോടെ അതിനെ പ്രതിരോധിക്കുന്ന ജനതയുമാണ് കേരളത്തിലുള്ളത്. ഈ നില കൂടുതൽ കൂടുതൽ പരിപോഷിപ്പിക്കേണ്ടതുണ്ട്. പ്രാദേശിക ഭരണസ്ഥാപനങ്ങൾ മുൻകൈ യെടുത്തുകൊണ്ട് വർഷത്തിലൊരിക്കലെങ്കിലും അവയുടെ പരിധിയിൽ വരുന്ന മുഴുവൻ ജനങ്ങളെയും ബന്ധിപ്പിച്ചു കൊണ്ടുള്ള സൗഹാർദ്ദ കൂട്ടായ്മ സംഘടിപ്പിക്കേണ്ടതാണ്.”

ടി ശുപാർശ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലും നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോർപ്പറേഷനു കൾ, മുനിസിപ്പാലിററികൾ, ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമ പഞ്ചായത്തുകൾ എന്നിവയുടെ മേൽനോട്ടത്തിൽ സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, ഗാന്ധിജയന്തി ദിനം എന്നിവയ്ക്കോ ആവശ്യമായ മററ് അവസരങ്ങളിലോ വർഷത്തിൽ ഏതെങ്കിലും ഒരു ദിനത്തിൽ മതസൗഹാർദ്ദ റാലികൾ, സെമിനാറു കൾ, സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്. സ്കൂളുകളിൽ മതസൗഹാർദ്ദ പ്രതിജ്ഞകൾ സംഘടിപ്പിക്കേണ്ടതാണ്.

ഇതിനാവശ്യമായ ചെലവുകൾ ചുവടെ കൊടുത്തിരിക്കുന്ന തുകയിൽ അധികരിക്കാത്ത തരത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ തനത് ഫണ്ടിൽ നിന്നോ / ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ വഹിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | – | 1,000/– രൂപ | (ആയിരം രൂപ മാത്രം) |
| ബ്ലോക്ക് പഞ്ചായത്ത് | – | 2,000/– രൂപ | (രണ്ടായിരം രൂപ മാത്രം) |
| ജില്ലാ പഞ്ചായത്ത് | – | 5,000/– രൂപ | (അയ്യായിരം രൂപ മാത്രം) |
| മുൻസിപ്പാലിററി | – | 3,000/– രൂപ | (മൂവായിരം രൂപ മാത്രം) |
| കോർപ്പറേഷൻ | – | 5,000/– രൂപ | (അയ്യായിരം രൂപ മാത്രം) |

**ജി.പി. രാമചന്ദ്രൻ,**
**അഡീഷണൽ സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
നഗരവികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, വിവര -പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
(മാധ്യമങ്ങളിലൂടെ പ്രചാരം നൽകുന്നതിനും ഔദ്യോഗിക വെബ്പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതിനുമായി)
എല്ലാ ജില്ലയിലെയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലയിലെയും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
സെക്രട്ടറി, തിരുവനന്തപുരം/കൊല്ലം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട് കോർപ്പറേഷൻ
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിററ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (എ.ബി) വകുപ്പ് (5.6.09'ലെ 38293/എബി2/08/തസ്വഭവ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ് (57568/എഫ്.എം2/09/തസ്വഭവ നമ്പർ കുറിപ്പ് പ്രകാരം)
പൊതുഭരണ (സർവ്വീസസ്–ഡി) വകുപ്പ് (7.8.09 –ലെ 50349/എസ് ഡി2/09/പൊഭവ നമ്പർ കുറിപ്പ് പ്രകാരം)
പൊതു വിദ്യാഭ്യാസ വകുപ്പ്.

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവററ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവററ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ സ്ക്ക്.
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.സ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ സ്ക്ക്.
പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ.സ്ക്ക്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**